(സി) സ്ഥലം മാറ്റം ലഭിച്ചു പോകുന്ന പോലീസ് ആഫീസർമാർ എത്ര ദിവസത്തിനകം കാർട്ടേഴ്സ് ഒഴിഞ്ഞു കൊടുക്കണമെന്നാണു വ്യവസ്ഥ;

(ഡി) കോഴിക്കോടുള്ള ഗവൺമെൻറ് ക്വാർട്ടേഴ്സ് ഏതെങ്കിലും ഇപ്രകാരം ഒഴിഞ്ഞുകൊടുക്കാത്ത സംഭവമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ന്യായമായി കിട്ടാനർഹതയുള്ളവർക്ക് പ്രസ്തുത ക്വാർട്ടേഴ്സുകളും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ പ്രധാന കേന്ദ്രങ്ങളിലും വേണ്ടത്ര ക്വാർട്ടേഴ്സ് ഇല്ല.

(ബി) 28-9-1976-ലെ ജി. ഒ. (എം. എസ്) 128/76/ഹോം ഉത്തരവിലെ നിബന്ധനകളും അനുസരിച്ചാണ്.

(സി) ഒരു മാസത്തിനകം ക്വാർട്ടേഴ്സ് ഒഴിയണമെന്നാണ് വ്യവസ്ഥ.

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥലം കയ്യേറിയതിന് പോലീസ് സംരക്ഷണം നൽകിയതായി പരാതി

1222. [1659] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥലം ചിലർ കയ്യേറിയതായിട്ടും അതിന് പോലീസ് സംരക്ഷണം നൽകുന്നതായിട്ടുമുള്ള പരാതി ബാങ്ക് അധികൃതരിൽനിന്നും ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇതിൻമേൽ അടിയന്തിരമായും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, & സി) ലഭിച്ച പരാതി അന്വേഷണത്തിലാണ്.

കർട് വോട്ടേഴ്സ് ലിസ്റ്റ് നശിപ്പിക്കുകയും ബിൽ കളക്ടറെ കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവം

1223. [1660] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ മടവൂർ പഞ്ചായത്തിലെ പുതുക്കിയ വോട്ടേഴ്സ് ലിസ്റ്റിന്റെ കർട് ബലം പ്രയോഗിച്ച് പിടിച്ചെടുത്തു വലിച്ചുകീറി നശിപ്പിച്ചതായും അതു തടഞ്ഞ പഞ്ചായത്തു ബിൽകളക്ടറെ കയ്യേറ്റം ചെയ്തതായും ഉള്ള വല്ല പരാതിയും പള്ളിക്കൽ പോലീസിൽ മടവൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർ നൽകിയതായി അറിവുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുന്നതിനും കുറ്റക്കാരുടെ മേൽനടപടി സ്വീകരിക്കുന്നതിനും വേണ്ടതു ചെയ്യുമോ ?

ഉത്തരം

(എ) & (ബി) ഉണ്ട്. പള്ളിക്കൽ പോലീസ്, കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly